കൾക്ക് ശ്രമിക്കുന്നുണ്ട്. കാടുകുറ്റി പഞ്ചായത്തിലെ കാടുകുറ്റി ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾക്കുവേണ്ടിയുള്ള 176 ലക്ഷം രൂപ ചെലവു വരുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ഉന്നതതല സംഭരണികൾ പൂർത്തിയാക്കാനുള്ള നടപടിയും എടുത്തുവരുന്നു. ഈ പദ്ധതി രണ്ടായിരത്തിരണ്ടിൽ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊരട്ടി പദ്ധതി 342 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതിയാണ്. ഈ പദ്ധതി കൊണ്ട് 2028-ൽ 32595 പേർക്ക് പ്രയോജനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ഉന്നതതല ജലസംഭരണിയുടെയും സ്ഥലം ഈ ജനുവരി മാസത്തിലാണ് ലഭ്യമായിട്ടുള്ളത്. ആ സ്ഥലത്തിന്റെ മണ്ണുപരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ടാങ്കിന്റെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരികയാണ്. 2001 ഡിസംബറിൽ കമ്മീഷൻ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്.

(14) പട്ടാമ്പി റെയിൽവേ സ്റ്റേഷനിൽ കുർള എക്സ്പ്രസ്സിന് സ്റ്റോപ്പും സ്റ്റോപ്പുള്ള ട്രെയിനുകളിലേയ്ക്ക് റിസർവേഷൻ സൗകര്യവും ഏർപ്പെടുത്തുന്നതിന്റെ ആവശ്യകതയും

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, റെയിൽവേയുടെ വളരെ വിചിത്രമായ പ്രവർത്തനം സഭയുടെ മുൻപിൽ കൊണ്ടുവന്ന് അതിന് പരിഹാരമുണ്ടാക്കാനാണ് ഈ സബ്മിഷൻയ വളരെ പ്രധാനപ്പെട്ട ഒരു റെയിൽവേ സ്റ്റേഷനാണ് പട്ടാമ്പി. മലപ്പുറം ജില്ലയുടെ കിഴക്കൻ മേഖലയിലെയും പാലക്കാടിന്റെ പടിഞ്ഞാറൻ മേഖലയിലെയും ജനങ്ങൾ ആശ്രയിക്കുന്ന ഏക റെയിൽവേസ്റ്റേഷനാണ് പട്ടാമ്പി. മദ്ധ്യകേരളത്തിലെ വളരെ പ്രസിദ്ധമായിട്ടുള്ള ഒരു ആരാധനാലയമാണ് ഗുരുവായൂർ ക്ഷേത്രം. ആ ഗുരുവായൂർ ക്ഷേത്രത്തിലേക്ക് അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ആളുകൾ പട്ടാമ്പിയിൽ ഇറങ്ങിയാണ് പോകുന്നത്. തിരുവനന്തപുരം-രാജ്കോട്ട്, തിരുവനന്തപുരം-ഗാന്ധിധാം തുടങ്ങിയ ട്രെയിനുകൾക്ക് പട്ടാമ്പിയിൽ ഒരു മിനിറ്റ് സമയം സ്റ്റോപ്പുണ്ട്. പക്ഷെ ഈ ട്രയിനുകൾക്ക് ഇവിടെ റിസർവേഷനില്ല. പട്ടാമ്പിയിലൂടെ കടന്നുപോകുന്ന കുർള എക്സ്പ്രസ്സിന് പട്ടാമ്പിയിൽ റിസർവേഷനുണ്ട്. പട്ടാമ്പിയിൽ സ്റ്റോപ്പില്ല. ഈ കുർള ട്രെയിനിന് റിസർവേഷനുള്ളവർ കയറണമെങ്കിൽ ഒന്നുകിൽ ഷൊർണ്ണൂരിൽ പോകണം അല്ലെങ്കിൽ കുറ്റിപ്പുറത്തു പോകണം. ഇതും ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ പ്രയാസമുണ്ടാക്കുന്നു. ഇവിടെ നിന്നുള്ള ആളുകൾ അന്യ സംസ്ഥാനങ്ങളിൽ പോയി തൊഴിൽ അന്വേഷിച്ച് ഉപജീവനം നടത്തുന്നു. അങ്ങനെയുള്ള നല്ലൊരു ശതമാനം ആളുകളുണ്ട്. ആ ആളുകൾക്ക് മറ്റു സംസ്ഥാനങ്ങളിലേക്ക് പോകാൻ ഇതുമൂലം വളരെയേറെ പ്രയാസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഉണ്ടായി പട്ടാമ്പിയിൽ ഇത്തരം ട്രെയിനുകൾക്ക് റിസർവേഷൻ അനുവദിക്കാനും ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. സി.കെ. നാണു</u>) : സർ, തിരുവനന്തപുരം-രാജ്കോട്ട്, കൊച്ചി-രാജ്കോട്ട്, തിരുവനന്തപുരം-ഗാന്ധിധാം എന്നീ ട്രയിനുകൾക്ക് പട്ടാമ്പിയിൽനിന്നും റിസർവേഷനും കുർള ട്രെയിനിന് പട്ടാമ്പിയിൽ സ്റ്റോപ്പും അനുവദിക്കേണ്ട ആവശ്യം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മെമ്പർ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെടട് സ്റ്റേഷനായ പട്ടാമ്പിയിൽ ഈ ആവശ്യങ്ങൾ നേടിയെടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനും അനുകൂലമായ തീരുമാനം റെയിൽവേ അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാക്കിയെടുക്കാനും തുടർന്നും പരിശ്രമിക്കുന്നതാണ്.

(15) വയനാട് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

ശ്രീമതി രാധാ രാഘവൻ : സർ, വയനാട് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾ താമസിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഇന്ന് പട്ടിണിയാണ്. ഈ ഹോസ്റ്റലുകളിലെ കുട്ടികളുടെ സ്ഥിതി വളരെ ദയനീയമാണ്. ഭക്ഷണം ശരിയായ രീതിയിൽ ലഭിക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം. ഭക്ഷണച്ചെലവിനാവശ്യമായ പണം ഇല്ലാ എന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നത്. സുൽത്താൻബത്തേരിയിലെ കാക്കവൽ പ്രീ-മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് ശരിയായ രീതിയിലുള്ള ഭക്ഷണം കിട്ടാത്തതിനാൽ പഠനം മതിയാക്കേണ്ട സ്ഥിതിയാണ്. 1999 ഒക്ടോബർ മാസത്തിന് ശേഷം സ്റ്റൈപ്പന്റ് നൽകിയിട്ടില്ല. പ്രതികരിക്കാൻ കഴിയാത്ത സാധുക്കളായ കുട്ടികളുടെ കാര്യത്തിൽ അധികൃതർ വിമുഖത കാണിക്കുകയാണ്. ആവശ്യമായ ഫണ്ട് അനുവദിച്ച് ഹോസ്റ്റലുകളുടെ പ്രവർത്തനം സുഗമമാക്കണം. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റിനുള്ള തുകയും അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച വയനാട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുകയും അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടല്ലോ. രണ്ടാഴ്ചയ്ക്കുമുമ്പ് ഞാൻതന്നെ അവിടെ മിക്കവാറും ഹോസ്റ്റലുകൾ സന്ദർശിക്കുകയും അവിടെ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഏതെങ്കിലും ഹോസ്റ്റലിൽ എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പംതന്നെ ആ കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്താനും അതുപോലെതന്നെ അവർക്ക് മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(16) അരൂർ പഞ്ചായത്തിലെ ചന്തിരൂർ തോട്ടിലെ മലിനീകരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, അരൂർ പഞ്ചായത്തിലുള്ള ചന്തിരൂർ തോട്ടിലേക്ക് മത്സ്യ ഷെഡ്ഡിൽനിന്നും മൽസ്യ സംസ്ക്കരണ ഫാക്ടറികളിൽനിന്നും ഒഴുകി വരുന്ന മലിന ജലം തടയണമെന്നും ആ തോട് വൃത്തിയാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ പൊതുതാൽപ്പര്യ ഹർജി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അഞ്ച് മാസത്തിനകം അത് ചെയ്ത് തീർക്കണം എന്ന കോടതി ഉത്തരവ് വന്നിട്ട് രണ്ട് മാസമായി. ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് അതിനാവശ്യമായിട്ടുള്ള സൊസൈറ്റികൾ ഉണ്ടാക്കി, ബോർഡ് ഉണ്ടാക്കി, അതിന് പണം സ്വരൂപിക്കാൻ എഴുപുന്ന, അരൂർ എന്നീ രണ്ടു പഞ്ചായത്തുകളും അതുപോലെ ജില്ലാ പഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എം.പി.ഇ.ഡി.എ., മത്സ്യ ഷെഡുകൾ, ഫാക്ടറികൾ ഇവയിൽനിന്നും പണം എടുത്തുവന്നു. പൊല്യൂഷൻ കൺട്രോ

LIBRARY ARCHIVES Kerala Legislative Assembly